ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്ക് നിലവിൽ നാമനിർദ്ദേശം ചെയ്യപ്പെടുന്നത് സീനിയോറിറ്റിയെ അടിസ്ഥാനമാക്കിയാണ്.

(ഡി) 36,587 പേർ.

(ഇ) 31-12-2004-ലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. †

കഴക്കൂട്ടം റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

35 [1354] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ഏതൊക്കെ പ്രദേശത്തുള്ള സർക്കാർ ആഫീസുകളിലേക്കാണ് കഴക്കൂട്ടം റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് അയയ്ക്കാറുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം നഗരാതിർത്തിയിലുള്ള ആഫീസുകളിലുണ്ടാകുന്ന ഒഴിവുകൾ കഴക്കൂട്ടം റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്യുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ആയതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ ഉൾപ്പെട്ട എല്ലാ സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലേയും സ്ഥിരവും താൽക്കാലികവുമായ എല്ലാ ഫുൾടൈം ഒഴിവുകൾക്കും, ദിവസക്കൂലി അടിസ്ഥാനത്തിലുള്ള ഒഴിവുകൾക്കും, മെഡിക്കൽ കോളേജുകളിൽ നിന്നും റിപ്പോർട്ടു ചെയ്തുവരുന്ന മുഴുവൻ പാർട്ട്ടൈം കണ്ടിജന്റ് ഒഴിവുകൾക്കും അർദ്ധ സർക്കാർ സ്ഥാപനങ്ങിലെ പാർട്ട് ടൈം കണ്ടിജന്റ് ഒഴിവുകളും കൂടപ്പനക്കുന്ന്, ശ്രീകാര്യം, കഴക്കൂട്ടം, മംഗലപുരം, പോത്തൻകോട്, കഠിനംകുളം, അണ്ടൂർക്കോണം എന്നീ പഞ്ചായത്തുകൾ ഉൾപ്പെട്ട പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന സർക്കാർ സ്ഥാപനങ്ങളിലും ലോക്കൽ ബോഡികളിലും ഉണ്ടാകുന്ന പാർട്ട്ടൈം കണ്ടിജന്റ് ഒഴിവുകൾക്കും കഴക്കൂട്ടം റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും അർഹരായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് നൽകി വരുന്നുണ്ട്.

---

†അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(ബി) തിരുവനന്തപുരം നഗരാതിർത്തിയിലെ ആഫീസുകളിൽ ഉണ്ടാകുന്ന പാർട്ട്ടൈം കണ്ടിജന്റ് ഒഴിവുകളും, നഗരസഭയിൽ നിന്നും റിപ്പോർട്ട് ചെയ്യുന്ന സബ്സ്റ്റിറ്റ്യൂട്ട് വർക്കർമാരുടെ ഒഴിവുകളും ഒഴികെയുള്ള മുഴുവൻ ഒഴിവുകളും കഴക്കൂട്ടം റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്യുന്നുണ്ട്. മാത്രമല്ല മെഡിക്കൽ കോളേജുകളിൽ നിന്നും അറിയിക്കുന്ന പാർട്ട്ടൈം കണ്ടിജന്റ് ഒഴിവുകൾകൂടി കഴക്കൂട്ടം റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്തിരുന്നു.

(സി) തിരുവനന്തപുരം നഗരാതിർത്തിക്കുള്ളിലെ ആഫീസുകളിൽ ഉണ്ടാകുന്ന പാർട്ട്ടൈം ഒഴിവുകളിലേക്കും നഗരസഭയിൽ നിന്നും റിപ്പോർട്ട് ചെയ്യുന്ന സബ്സ്റ്റിറ്റ്യൂട്ട് വർക്കർമാരുടെ ഒഴിവുകളിലേക്കും കഴക്കൂട്ടം റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നുള്ള ഉദ്യോഗാർത്ഥികളെ പരിഗണിക്കാറില്ല.

സ്വയംഭരണ ഐ.ടി.ഐ.

36 [1355] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:*
ശ്രീ. മഞ്ഞളാംകുഴി അലി:
„ *എം. വി. ജയരാജൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി.ഐ. സ്വയംഭരണ ഐ.ടി.ഐ. കളാക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

(ബി) സ്വയംഭരണ ഐ.ടി.ഐ. കളിൽ എൻ.സി.വി.ടി. ട്രേഡുകൾക്ക് പുറമെ ഏതെല്ലാം ട്രേഡുകളാണ് ആരംഭിക്കുന്നത്; ഇതിന് മറ്റു സംസ്ഥാനങ്ങളിൽ അംഗീകാരമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) സ്വയംഭരണ ഐ.ടി.ഐ. കളുടെ നടത്തിപ്പ്, സിലബസ്സ്, പരീക്ഷ എന്നിവയുടെ ചുമതല ആർക്കാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഐ.ടി.ഐ. കൾ സ്വയംഭരണ ഐ.ടി.ഐ. കളാക്കാൻ യാതൊരു നിർദ്ദേശവും പരിഗണനയിലില്ല.

(ബി) ചോദ്യമുദിക്കുന്നില്ല.

(സി) ചോദ്യമുദിക്കുന്നില്ല.

GPM. 2/567/2012—9

LIBRARY ARCHIVES Kerala Legislative Assembly